(സി) ഇല്ല.

(ഡി) ഈ വർഷം 10 കോടി രൂപയാണ് ഈ പദ്ധതിക്കായി മാറ്റിവച്ചിട്ടുള്ളത്.

കൊണ്ടോട്ടി മണ്ഡലത്തിലെ ആരോഗ്യമേഖലയിൽ നടത്തിയ വികസനപ്രവർത്തനങ്ങൾ

10 (1729) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊണ്ടോട്ടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലും കൊണ്ടോട്ടി മണ്ഡലത്തിലെ പി.എച്ച്.സി. കളിലും ഏർപ്പെടുത്തിയ വികസന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) പുതുതായി എന്തെല്ലാം കാര്യങ്ങൾ ഇവിടങ്ങളിൽ ചെയ്യുവാൻ ഉദ്ദേശിക്കുന്നു എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) കൊണ്ടോട്ടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ 3 ഒ.പി. കൗണ്ടറുകൾ, പേഷ്യന്റ് വെയിറ്റിംഗ് റൂം, റിസപ്ഷൻ കൗണ്ടർ, ലാബ് ഡ്രസ്സിംഗ് റൂം, 12 ബെഡ്ഡുകൾ ഇടാവുന്ന 2 വാർഡുകൾ എന്നിവയടങ്ങിയ രണ്ടുനില കെട്ടിടം പൂർത്തിയായി. കാഷ്വാലിറ്റി, മൈനർ തിയേറ്റർ, ഫാർമസി, സ്റ്റോർ, 8 ബെഡ്ഡുകളുള്ള വാർഡ്, ഡോക്ടേഴ്സ് റൂം, നഴ്സസ് റൂം, കണ്ണ് പരിശോധനാ റൂം, എന്നിവയടങ്ങിയ ഒരു കെട്ടിടവും നിർമ്മിച്ചിട്ടുണ്ട്. ലാബ്, വാക്സിൻ സൂക്ഷിക്കുന്ന മുറി എന്നിവ നവീകരിച്ചു. ഒരു മെഡിക്കൽ ഓഫീസേഴ്സ് ക്വാർട്ടേഴ്സ് പുതുക്കിപണിതു. കൊണ്ടോട്ടി മണ്ഡലത്തിലെ പി.എച്ച്.സി.-കളിൽ നടത്തിയ വികസന പ്രവർത്തനങ്ങളുടെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

വടക്കൻ ജില്ലകളിൽ കാൻസർ ചികിത്സാ സൗകര്യം

11 (1730) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടക്കൻ ജില്ലകളിൽ പ്രത്യേകിച്ച് പാലക്കാട്, മലപ്പുറം, കോഴിക്കോട് ജില്ലകളിൽ കാൻസർ രോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത സാഹചര്യത്തിൽ മേൽപ്പറഞ്ഞ ജില്ലകളിലെ എല്ലാ താലൂക്ക് ആശുപത്രികളിലും കാൻസറിന് ചികിത്സ നൽകുന്നതിന് വേണ്ടി പ്രത്യേക ഡിപ്പാർട്ട്മെന്റ് അനുവദിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) വർദ്ധനവുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly